(ബി) 367.20 ലക്ഷം.

(സി) ബാങ്ക് അംഗീകരിക്കുന്ന തുകയിൽ 10 ലക്ഷംവരെ പ്രോജക്ട് തുകയുടെ 25%-ഉം അതിനു മുകളിൽ വരുന്ന തുകയ്ക്ക് 10%-ഉം മാർജിൻമണിയായി നല്കുന്നു. എന്നാൽ സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വികലാംഗർ, വിമുക്തഭടന്മാർ, പിന്നോക്ക വിഭാഗക്കാർ, മതന്യൂനപക്ഷക്കാർ എന്നിവർക്ക് 10 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 25%-ന് പകരം 30% തുക മാർജിൻ മണിയായി നല്കുന്നു.

(ഡി) ഈ കാര്യത്തിൽ സ്ഥാനം തിട്ടപ്പെടുത്തിയിട്ടില്ല.

ഖാദി മേഖലയിലെ തൊഴിലാളികളുടെ വേതനം ഉയർത്താൻ നടപടി

169 (1638) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി മേഖലയിലെ തൊഴിലാളികളുടെ വേതനം ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ഖാദി കമ്മീഷൻ അംഗീകരിച്ചു നൽകുന്ന കോസ്റ്റ്ചാർട്ട് പ്രകാരമാണ് വേതനം നൽകുന്നത്. കാലാകാലങ്ങളിൽ ഖാദി കമ്മീഷൻ കോസ്റ്റ്ചാർട്ട് പുതുക്കി നിശ്ചയിക്കാറുണ്ട്. 1-04-2003 മുതൽ കോസ്റ്റ്ചാർട്ട് പുതുക്കി നല്കിയിട്ടുണ്ട്. ഇതുപ്രകാരം നൂൽപുകാർക്ക് 10%-ഉം പ്രീ-പ്രോസസിംഗ്, കോട്ടൺ ഖാദി നെയ്ത്തു തൊഴിലാളികൾക്ക് 20%-ഉം മസ്ലിൻ നെയ്ത്തുകാർക്ക് 25%-ഉം കുപ്പടം നെയ്ത്തുകാർക്ക് 30%-ഉം വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെറിഫെഡിലെ ജീവനക്കാരുടെ ശമ്പളം

170 (1639) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡിലെ ജീവനക്കാർക്ക് കഴിഞ്ഞ അഞ്ചു മാസക്കാലമായി ശമ്പളം ലഭിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇപ്പോൾ ശമ്പള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly